**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4862** **20-07-2022 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ പൈതൃക പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ പൈതൃക പദ്ധതിയുടെ നിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | ആലപ്പുഴ പൈതൃക പദ്ധതിയിൽ താഴെ പറയുന്ന 21 മ്യൂസിയങ്ങളും 11 ചരിത്രസ്മാരകങ്ങളും 5 അടിസ്ഥാന സൗകര്യവികസന പദ്ധതികളുമാണ് ഉൾപ്പെട്ടിട്ടുള്ളത്.<br><br>**മ്യൂസിയങ്ങൾ:-**<br><br>1. കൊയർഫെഡ് ബിൽഡിങ്/ യാൺ മ്യൂസിയം<br><br>2. കേരള സ്റ്റേറ്റ് കൊയർ കോർപ്പറേഷൻ -മ്യൂസിയം ഓഫ് കൊയർ ഹിസ്റ്ററി<br><br>3. ന്യൂ മോഡൽ കൊയർ ഫാക്ടറി- മ്യൂസിയം ഓഫ് ലേബർ മൂവ്മെന്റ്<br><br>4. നോർട്ടൺ ബംഗ്ലാവ്- തോമസ് നോർട്ടൺ മ്യൂസിയം<br><br>5. പോർട്ട് ബിൽഡിംഗ്- മാരിടൈം സിഗ്നൽ മ്യൂസിയം<br><br>6 പോർട്ട് ഓഫീസ് ബിൽഡിംഗ് കോംപ്ലക്സ് - പോർട്ട് മ്യൂസിയം<br><br>7. കൊട്ടാരം ഹോസ്പിറ്റൽ - ഹെല്ത്ത് മ്യൂസിയം<br><br>8. എസ്.ഡി. വി സ്കൂൾ - എഡ്യൂക്കേഷൻ മ്യൂസിയം<br><br>9. അനിൽ സേത്ത് ഹൗസ്- ഗുജറാത്തി ഹെറിറ്റേജ് സെന്റർ<br><br>10. മധുര കമ്പനി - ഗാന്ധി മ്യൂസിയം<br><br>11. ഗുജറാത്തി ബിസിനസ് ഹിസ്റ്ററി മ്യൂസിയം/ ഗുജറാത്തി ഹെറിറ്റേജ് സെന്റർ<br><br>12.കൊങ്കണി മ്യൂസിയം |

13. സ്പെയ്സ് മ്യൂസിയം

14. മനോന്മണിയം സുന്ദരപിള്ളയ് മെമ്മോറിയൽ മ്യൂസിയം

15.അംബ്രല മ്യൂസിയം

16 കൊപ്ര മ്യൂസിയം

17. തിയോസഫിക്കൽ സൊസൈറ്റി മ്യൂസിയം

18. ബോട്ട് മ്യൂസിയം

19. കോസ്റ്റൽ ഹെറിറ്റേജ് മ്യൂസിയം

20. കെ. പി കരുണാകരൻ മ്യൂസിയം

21വില്ല്യം ഉഡ് എക്കർ മ്യൂസിയം

**ചരിത്രസ്മാരകങ്ങൾ:-**

1. മക്കാം മസ്ജിദ് കൺസർവേഷൻ

2. സൗക്കാർ മസ്ജിദ് കൺസർവേഷൻ

3. ശിവപാർവതി ടെമ്പിൾ കൺസർവേഷൻ

4. ഹനുമാൻ ടെമ്പിൾ കൺസർവേഷൻ

5. ബാലകൃഷ്ണ ടെമ്പിൾ കൺസർവേഷൻ

6. എൻട്രൻസ്  ബിൽഡിംഗ് കൺസർവേഷൻ

7. പ്രീസ്റ്റ് ഹൗസ് കൺസർവേഷൻ

8. മുല്ലക്കൽ ടെമ്പിൾ കൺസർവേഷൻ

9. കച്ചിമേമൻ മസ്ജിദ് കൺസർവേഷൻ

10. ലിയോസ്കൂൾ കൺസർവേഷൻ

11. തിരുമല ദേവസ്വം ടെമ്പിൾ കൺസർവേഷൻ

**അടിസ്ഥാന സൗകര്യവികസന പദ്ധതികൾ:-**

1. കനാൽ സൈഡ് ഡെവലപ്മെന്റ്

2. ബീച്ച്സൈഡ് ഡെവലപ്മെന്റ്

3. സ്ട്രീറ്റ് എലവേഷൻ ഡെവലപ്മെന്റ്

4. സീപിയർ ഡെവലപ്മെന്റ്

5. സൈനേജ് ഡെവലപ്മെന്റ്

ഈ പദ്ധതി നടപ്പാക്കുന്നത് ടൂറിസം ഡിപ്പാർട്ട്മെന്റും കിഫ്ബിയും കയർ ഡിപ്പാർട്ട്മെന്റും അനുവദിച്ച ഫണ്ട് ഉപയോഗിച്ചാണ്. ടൂറിസം ഡിപ്പാർട്ട്മെന്റ് വിവിധ മ്യൂസിയങ്ങൾക്കായി 31.67 കോടി രൂപ അനുവദിച്ചിരുന്നു. ലിവിങ് കൊയർ മ്യൂസിയം,കൊയർ ഹിസ്റ്ററി മ്യൂസിയം,യാൺ മ്യൂസിയം എന്നിവയുടെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്.

കിഫ്ബി മുഖേന നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ള 122 കോടി രൂപയുടെ പദ്ധതിയിൽ 5 ഘട്ടങ്ങളിലായി 76.30 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. സൗക്കാർ മസ്ജിദ്, മക്കാം മസ്ജിദ്, ലിയോ സ്കൂൾ എന്നിവയുടെ പുനരുദ്ധാരണ നവീകരണ പ്രവൃത്തികൾ പൂർത്തിയാക്കി. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള അനിൽ സേത്ത് ഗുജറാത്തി ഹെറിറ്റേജ് സെന്ററിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായുള്ള ധാരണ പത്രം ഒപ്പിട്ടു. പോർട്ട് മ്യൂസിയത്തിന്റെ 90% പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ഗാന്ധി മ്യൂസിയം ബീച്ച് സൈഡ് ഡെവലപ്പ്മെന്റ്, മാരിടൈം മ്യൂസിയം എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾക്ക് വേണ്ടിയുള്ള നടപടികൾ നടന്നു വരുന്നു. കനാൽ സൈഡ് ഡെവലപ്പ്മെന്റ് ആൻഡ് ബ്യൂട്ടിഫിക്കേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി സൈക്കിൾ ട്രാക്ക് , പാത്‌വേ , ലാന്റ്സ്കേപ്പിംഗ് എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

കൊയർ ഡിപ്പാർട്ട്മെന്റ് അനുവദിച്ച 14 .18 കോടി രൂപ ഉപയോഗിച്ച് വിവിധ കയർ സൊസൈറ്റികളുടെ ബിൽഡിംഗുകൾ പുനരുദ്ധാരണം നടന്നു വരുന്നു. ഇവയിൽ ഏതാനും ബിൽഡിംഗുകൾ മ്യൂസിയത്തിനു വേണ്ടി ഉപയോഗിക്കുകയും ബാക്കിയുള്ളവ സൊസൈറ്റികൾക്ക് തന്നെ വിട്ടു നൽകുകയും ചെയ്യും.

ആലപ്പുഴ പൈതൃക പദ്ധതിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു വരുന്ന കൊയർ ലിവിങ് മ്യൂസിയം, കൊയർ ഹിസ്റ്ററി മ്യൂസിയം,യാൺ മ്യൂസിയം, പോർട്ട് മ്യൂസിയം , ഗാന്ധി മ്യൂസിയം എന്നീ 5 മ്യൂസിയങ്ങളിൽ കൊയർ ലിവിങ് മ്യൂസിയം, കൊയർ ഹിസ്റ്ററി മ്യൂസിയം, യാൺ മ്യൂസിയം എന്നിവ ഈ വർഷത്തിന്റെ അവസാനത്തോടു കൂടി പൊതുജനങ്ങൾക്ക് തുറന്ന് നൽകുന്നതിനാണ് ലക്ഷ്യമിടുന്നത് . യാൺ മ്യൂസിയത്തിന്റെ ഡിജിറ്റൽ ഡോക്യുമെന്റുകളും ഡോക്യുമെന്ററികളും കെ ആർ

| | | | |
|---|---|---|---|
| | | | നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആൻഡ് ആർട്സ് മുഖേന തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിക്കായി എത്ര രൂപയാണ് അനുവദിച്ചതെന്നും എന്തൊക്കെ വികസന പദ്ധതികളാണ് വിഭാവനം ചെയ്തതെന്നും ഇതിനായി നീക്കി വച്ച തുക എത്രയെന്നും ഏതൊക്കെ പദ്ധതി പൂർത്തീകരിച്ചുവെന്നും വ്യക്തമാക്കാമോ; | (ബി) | എ പിരിവിന്റെ അതേ ഉത്തരം |
| (സി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടാതെ പോയ അമ്പലപ്പുഴ മണ്ഡലത്തിലെ നൂറ്റാണ്ടുകൾ പഴക്കമുള്ളതും ആലപ്പുഴയുടെ സാംസ്കാരിക പൈതൃകകേന്ദ്രങ്ങളെ ഉൾപ്പെടുത്തുന്നതിനും അവയുടെ വികസനം സാധ്യമാക്കുന്നതിനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ? | (സി) | നിലവിൽ ഏറ്റെടുത്ത പദ്ധതികൾ പൂർത്തികരിക്കുന്നതിനാണ് ഇപ്പോൾ പ്രാധാന്യം നൽകുന്നത്. |

സെക്ഷൻ ഓഫീസർ